# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/17915/2015 തൊഴിൽ ഭവൻ, തിരുവനന്തപുരം

തീയതി: 31/05/2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്റ്ററേറ്റ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2017 -പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പ് - പ്രാക്ടിക്കൽ എക്സാമിനർമാരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നത് -സംബന്ധിച്ച്

സൂചന:- 15-05-2017 തീയതിയിലെ ഡി.ജി.റ്റി. യിൽ നിന്നുള്ള എം.എസ്.ഡി.ഇ. 18012/05/MIS/2016- റ്റി.റ്റി.സി. (Part –A) നമ്പരായുള്ള കത്ത്

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ പരീക്ഷാ നടത്തിപ്പിനായി എക്സാമിനർമാരെ നിയമിക്കുന്നതിന് സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്ന എല്ലാ ജൂനിയർ ഇൻസ്ട്രക്ടർമാർ/ സീനിയർ ഇൻസ്ട്രക്ടർമാർ/ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ/ ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർ/ വൈസ് പ്രിൻസിപ്പാൾ മാർ/ പ്രിൻസിപ്പാൾ എന്നിവരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് എല്ലാ ഐ.ടി.ഐ./ബിറ്റി.സി./എ.വി.റ്റി.എസ് പ്രിൻസിപ്പാൾമാർ ക്കും ട്രെയിനിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു.

2017 ജൂലൈ മാസത്തിൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് വേണ്ടി എക്സാമിനർമാരെ നിയമിക്കുന്നത് എം.ഐ.എസ്. പോർട്ടൽ മുഖേനയാണെന്ന് ഡി.ജി.റ്റി. സൂചന പ്രകാരം അറിയിച്ചിരിക്കുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ടി സാഹചര്യത്തിൽ എല്ലാ സർക്കാർ ഐ.ടി.ഐ /എ.വി.റ്റി.എസ്. /ആർ.ഐ. സെൻറർ/ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടേയും മറ്റ് സർക്കാർ/പൊതുമേഖല/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടേയും ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ അടിയന്തിരമായി എം.ഐ.എസ്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാൻ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓരോ ജില്ലയിലും ടി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ വിവരം ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. എക്സാമിനർമാരുടെ വിവരങ്ങൾ എം.ഐ.എസ്. പോർട്ടൽ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ഐ.ടി.ഐ / ആർ.ഐ. സെൻറർ / എ.വി.റ്റി.എസ്. / ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- ഐ.ടി.ഐ. /ആർ.ഐ. സെൻറർ/ എ.വി.റ്റി.എസ്. /ബി.റ്റി.സി. എന്നീ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾ / വൈസ് പ്രിൻസിപ്പാൾ / ട്രെയിനിംഗ് ഓഫീസർ /ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ /ജൂനിയർ അപ്രൻറീസ്ഷിപ്പ് അഡ്വൈസർമാർ /സീനീയർ ഇൻസ്ട്രക്ടർമാർ /ജൂനിയർ ഇൻസ്ട്രക്ടർമാർ എന്നീ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- **താൽക്കാലികമായി നിയമിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർ, ഗസ്റ്റ് ഇൻസ്ട്രക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല.**
- ഇപ്രകാരം വിവരങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ രജിസ്റ്റർ ചെയ്യുന്നതിന് സ്ഥാപനത്തിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, എസ്റ്റാബ്ലിഷ്മെൻ്റ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്ക് എന്നീ ഉദ്യോഗസ്ഥരെ രേഖാ മൂലം ചുമതലപ്പെടുത്തേണ്ടതും ടി ജോലികൾ സമയ ബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പാക്കേണ്ടതുമാണ്.
- രജിസ്റ്റർ ചെയ്ത വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം ജില്ലാതലത്തിൽ ചുമതലപ്പെടുത്തിയ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ സമർപ്പിക്കേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ ടി രേഖകളും രജിസ്റ്റർ ചെയ്ത വിവരങ്ങളും പരിശോധിച്ച് Approve ചെയ്യുന്നതാണ്. ഇപ്രകാരം Approve ചെയ്ത് കഴിയുമ്പോൾ രജിസ്റ്റർ ചെയ്ത ഓരോ ഉദ്യോഗസ്ഥർക്കും Unique ID ലഭിക്കുന്നതാണ്.

2. **എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി. എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ അവരുടെ ജില്ലയിൽ പ്രവർത്തിക്കുന്ന എസ്.സി.ഡി.ഡി. / എസ്.റ്റി.ഡി.ഡി. ഐ.ടി.ഐ. കളിലെ ട്രെയിനിംഗ് സൂപ്രണ്ട്, ഇൻസ്ട്രക്ടർ എന്നീ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
- രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ സഹിതം ടി ഉദ്യോഗസ്ഥരോട് ജില്ലാതല നോഡൽ ഐ.ടി.ഐ. യിൽ ഹാജരാകുന്നതിന് നിർദ്ദേശം നൽകേണ്ടതും നോഡൽ ഐ.ടി.ഐ. യിൽ വച്ചു തന്നെ രജിസ്റ്റർ ചെയ്ത് Approve ചെയ്യേണ്ടതുമാണ്.
- **താൽക്കാലികമായി നിയമിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാർ, ഗസ്റ്റ് ഇൻസ്ട്രക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതില്ല.**

**3. External Examiner ആയി നിയമനം ലഭിക്കുന്ന സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്**

- **എക്സാമിനർമാരായി നിയമിക്കുന്നതിനുള്ള യോഗ്യത**
  - ബന്ധപ്പെട്ട എഞ്ചിനിയറിംഗ് മേഖലയിൽ ഡിഗ്രിയോ ഡിപ്ലോമ
  - കൂടാതെ 2/3 വർഷത്തെ പ്രവർത്തി പരിചയം
  - ഇവരുടെ അഭാവത്തിൽ സി.ടി.ഐ. ട്രെയിനിംഗ് പാസ്സായിട്ടുള്ളവർ
- സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്ന ടെക്നിക്കൽ ഉദ്യോഗസ്ഥരും മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ നേടിയവരുമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ടി സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥരും മുകളിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യതകൾ നേടിയവരുമായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്
- ഇപ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ കാണിച്ച് വ്യാപകമായ രീതിയിൽ ജില്ലാതല പത്ര പരസ്യം,

ദൃശ്യ മാദ്ധ്യമത്തിൽ കൂടിയുള്ള പരസ്യം എന്നിവ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നൽകേണ്ടതാണ്.

- കൂടാതെ ജില്ലാതല നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന ജില്ലയിലെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ സന്ദർശിച്ച് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നോഡൽ ഐ.ടി.ഐ യിൽ എത്തിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് വേണ്ടി ജില്ലയിൽ വരുന്ന മറ്റ് സർക്കാർ ഐ.ടി.ഐ. യിലെ പ്രിൻസിപ്പാൾ മാർ/മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനവും തങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരം നേരിട്ട് സന്ദർശിച്ച് നടപടി സ്വീകരിക്കേണ്ട സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി രേഖാമൂലം ഓരോ ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തേണ്ടതാണ്. ടി നടപടി ക്രമങ്ങൾ സമയബന്ധിതമായി നിർവഹിക്കുന്നുണ്ടോയെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2017 ജൂലൈ മാസത്തിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് പ്രാക്ടിക്കൽ എക്സാമിനർമാരെ ഡി.ജി.റ്റി. പോർട്ടൽ മുഖേനയാണ് നിയമിക്കുന്നതെന്ന് അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ വളരെ കാര്യക്ഷമമായി ടി ജോലികൾ നിർവഹിക്കാൻ എല്ലാ സർക്കാർ ഐ.ടി.ഐ./ആർ.ഐ. സെൻറർ/ബി.റ്റി.സി./എ.വി.റ്റി.എസ്. സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രാക്ടികൽ പരീക്ഷ നടത്തുന്നതിന് ഓരോ സ്ഥാപനത്തിനും വേണ്ടത്ര എക്സാമിനർമാരെ പോർട്ടൽ മുഖേന നിയമിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ടി ജില്ലയിലുള്ള എല്ലാ ഐ.ടി.ഐ./ആർ.ഐ.സെൻറർ/ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ മാർക്ക് മാത്രമായിരിക്കും ഇതിൻെറ പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. വിശദമായ മാർഗ്ഗനിർദ്ദേശം ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം:ടി

എല്ലാ സർക്കാർ ഐ.ടി.ഐ./ബി.റ്റി.സി./എ.വി.റ്റി.എസ്. പ്രിൻസിപ്പാൾമാർക്ക്

എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്ക്

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക് (ടി നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്).

**പകർപ്പ്**

വകുപ്പ് വെബ്സൈറ്റിലേക്ക്

## എക്സാമിനർമാരുടെ വിവരങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് Approve ചെയ്യുന്നതിന് ചുമതലപ്പെടുത്തുന്ന ജില്ലാതല നോഡൽ ഐ.ടി.ഐ. കളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | ജില്ലാതല നോഡൽ ഐ.ടി.ഐ. യുടെ വിവരങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | ഐ.ടി.ഐ. ചാക്ക |
| 2 | കൊല്ലം | ഐ.ടി.ഐ. ചന്ദനത്തോപ്പ് |
| 3 | പത്തനംതിട്ട | ഐ.ടി.ഐ. ചെന്നീർക്കര |
| 4 | ആലപ്പുഴ | ഐ.ടി.ഐ. ചെങ്ങന്നൂർ |
| 5 | കോട്ടയം | ഐ.ടി.ഐ. ഏറ്റുമാന്നൂർ |
| 6 | ഇടുക്കി | ഐ.ടി.ഐ. കട്ടപ്പന |
| 7 | എറണാകുളം | ഐ.ടി.ഐ. കളമശ്ശേരി |
| 8 | തൃശ്ശൂർ | ഐ.ടി.ഐ. ചാലക്കുടി |
| 9 | പാലക്കാട് | ഐ.ടി.ഐ. മലമ്പുഴ |
| 10 | മലപ്പുറം | ഐ.ടി.ഐ. അരിക്കോട് |
| 11 | കോഴിക്കോട് | ഐ.ടി.ഐ. കോഴിക്കോട് |
| 12 | വയനാട് | ഐ.ടി.ഐ. കൽപ്പെറ്റ |
| 13 | കണ്ണൂർ | ഐ.ടി.ഐ. കണ്ണൂർ |
| 14 | കാസർഗോഡ് | ഐ.ടി.ഐ. കാസർഗോഡ് |

# USER MANUAL-EXAMINER MODULE.

https://ncvtmis.gov.in/pages/home.aspx എന്ന URL ൽ MIS ന്റെ പബ്ലിക്ക് പോർട്ടൽ ലഭ്യമാകും.




Examiner Link ൽ എക്സാമിനർ രജിസ്ട്രേഷൻ ക്ലിക്ക് ചെയ്യുക




ലഭ്യമാകുന്ന Examiner Application Form ൽ എൻട്രി വരുത്തുക. ഈ Form എൻട്രി ചെയ്യുന്നതിന് മുമ്പ് അപേക്ഷകന്റെ .jpg, .jpeg, .png, .gif ഫോർമാറ്റിൽ 200KB യിൽ താഴെയുള്ള ഫോട്ടോഗ്രാഫിന്റെ സോഫ്റ്റ് കോപ്പി കരുതിയിരിക്കണം.







എൻട്രികൾ വരുത്തി ഫോട്ടോഗ്രാഫും അപ്ലോഡ് ചെയ്തതിന് ശേഷം NEXT Button ക്ലിക്ക് ചെയ്യുക.

രണ്ടാമത്തെ പേജ് ദൃശ്യമാകും. ഇതിൽ Academic Qualification Details, Technical Qualification Details എന്നിവ രേഖപ്പെടുത്തുകയും ഇവയുടെ സർട്ടിഫിക്കറ്റിന്റെ സോഫ്റ്റ്കോപ്പി അപ്‌ലോഡ് ചെയ്യുകയും വേണം.






എസ്.എസ്.എൽ.സി. യോഗ്യത Academic Qualification ആയി രേഖപ്പെടുത്തിയ ശേഷം മറ്റ് യോഗ്യതകൾ ചേർക്കാൻ Add Row എന്ന ഓപ്ഷൻ ഉപയോഗിക്കാം.

Grade, Percentage ഇവയിൽ ഏതെങ്കിലും ഒന്ന് രേഖപ്പെടുത്തിയാൽ മതിയാകും.

Experience ഉണ്ടെങ്കിൽ അതിന്റെ സോഫ്റ്റ് കോപ്പി അപ്‌ലോഡ് ചെയ്യേണ്ടതാണ് (File Size Max. 2048 KB, Format .pdf, .jpg, .jpeg). ഇതിന് ശേഷം NEXT Button ക്ലിക്ക് ചെയ്യുക.




ദൃശ്യമാകുന്ന മൂന്നാമത്തെ പേജിൽ Location Preference, Trade Preference എന്നിവയാണ് രേഖപ്പെടുത്തേണ്ടത്.

**Location Preference**:- ഉൾപ്പെടുത്താൻ ഒന്നാമത്തെ ചോയ്സ് ആയിട്ടുള്ള ജില്ല ഹൈലൈറ്റ് ചെയ്ത ശേഷം *Select as 1st Preference* എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. ഇതേ പ്രകാരം തന്നെ രണ്ടും മൂന്നും ചോയ്സ് ഉൾപ്പെടുത്താം.

**Trade Preference:-** പ്രാക്ടിക്കൽ എക്സാമിനർ ആയി ഡ്യൂട്ടി നിർവ്വഹിക്കാൻ ആഗ്രഹിക്കുന്ന (എലിജിബിൾ ആയ) ഒന്നാമത്തെ ട്രേഡ് ഹൈലൈറ്റ് ചെയ്ത ശേഷം *Select as 1st Preference* എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ഒന്നാമത്തെ ചോയ്സും മറ്റ് ട്രേഡുകളിൽ എലിജിബിലിറ്റി ഉണ്ടെങ്കിൽ 2/3 ട്രേഡ് ചോയ്സും ഉൾപ്പെടുത്താം.




എംപ്ലോയ്മെന്റ് ടൈപ്പ് തെരഞ്ഞെടുക്കുക

എംപ്ലോയ്ഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെങ്കിൽ എംപ്ലോയറുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടെന്ന വിവരം ചെക്ക് ബോക്സിൽ രേഖപ്പെടുത്തി Submit Button Click ചെയ്യുക.

രജിസ്ട്രേഷൻ പൂർത്തിയായതായി സൂചിപ്പിക്കുന്ന നാലാമത്തെ പേജ് ദൃശ്യമാകും



ഉൾപ്പെടുത്തിയ Mail id യിലേക്ക് അക്ടിവേഷൻ ലിങ്ക് ലഭിക്കും. മെയിൽ ഓപ്പൺ ചെയ്ത് DGT യിൽ നിന്ന് ലഭിച്ച മെയിലിലെ അക്ടിവേഷൻ ലിങ്ക് ക്ലിക്ക് ചെയ്യുക. Temporary Reference Number ലഭ്യമാകും. തുടർന്നുള്ള ആവശ്യങ്ങൾക്ക് ഈ നമ്പർ എഴുതി സുക്ഷിക്കുക.









## ജില്ലാ നോഡൽ ഓഫീസറുടെ ചുമതലകൾ

ഒന്നാം ചോയ്സ് ആയി രജിസ്റ്റർ ചെയ്ത ജില്ലയിലെ നോഡൽ ഓഫീസർ Approver id ഉപയോഗിച്ച് Login ചെയ്ത് എക്സാമിനറുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ Verify ചെയ്ത് Examiner Link ൽ ഉള്ള ITI Examiner Mapping എന്ന Menu വിലെ Approve Button Click ചെയ്ത് റിമാർക്ക് ഉൾപ്പെടുത്തി Approval നടത്തുക.



യോഗ്യരല്ലെങ്കിൽ Reject ചെയ്യുന്നതിനും സാധിക്കും




രജിസ്ട്രേഷൻ നമ്പർ ക്ലിക്ക് ചെയ്യുമ്പോൾ Registration Details ദൃശ്യമാകും. അപ്ലോഡ് ചെയ്ത ഫയലുകൾ അതിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഒറിജിനൽ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കി പരിശോധിക്കാവുന്നതാണ്. Approve/Reject ചെയ്യുമ്പോൾ രജിസ്ട്രേഷൻ നമ്പരിന് തൊട്ട് ഇടതുവശത്തുള്ള ചെക്ക് ബോക്സ് ടിക്ക് ചെയ്യാൻ ശ്രദ്ധിക്കുക.

എക്സാമിനറെ ട്രേഡ് ടെസ്റ്റിനോട് അനുബന്ധിച്ച് പോസ്റ്റിംഗ് നടത്തുന്നതിനുള്ള വിശദമായ ഗൈഡ് ലൈൻസ് ട്രേഡ് ടെസ്റ്റിനോട് അനുബന്ധിച്ച് നൽകുന്നതാണ്.

MSDE-18012/05/MIS/2016-TTC (Part-A)
Government of India
Ministry of Skill Development & Entrepreneurship
Directorate General of Training

1673

Shram Shakti Bhawan, Rafi Marg,
New Delhi, Dated 15.05.2017

To,

1. All State Directorates (Dealing with Craftsmen Training Scheme).
2. The Principal, NVTI-Noida and RVTIs- Mumbai, Bangalore, Trivandrum, Panipat, Kolkata, Tura, Indore, Allahabad, Jaipur, Vadodara, Agartala, Mohali, Patna, Trichy and Shimla.

**Subject :- Online registration of Practical Examiner and mapping to ITI through NCVT-MIS Portal for AITT under CTS (Semester System) to be held in July/August, 2017- regarding.**

Sir,

Kindly reference to this office letter of even no. dated 23.08.2016 on subject matter. In this regard you are already aware that an examiner module has been developed in NCVT MIS Portal to comply the guidelines of training manual. The following procedure has to be adopted for registration of practical examiner and allotment of ITI to them by Principal of nodal ITI.

1. The interested qualified person should enroll themselves as Practical Examiner at NCVT MIS Portal through On-Line application specifying their field/trade of interest/ preference of district and other details.

   **Desired Qualification:** "Practical examiners should be Degree/Diploma holder in respective engineering field/discipline with 2 or 3 years' experience in the relevant trade/ discipline. In case of, diploma holders are not available, then qualification of examiners may be suitably relaxed to CTI trained/Degree holder. Examiners may be appointed preferably from polytechnics/ engineering colleges/ industry of repute, government departments, corporations or from amongst retired qualified personnel possessing requisite qualifications and 2 or 3 years' experience in the trade/discipline.
2. State Directorate (SPIU) will specify the Nodal ITI in every district for approval of examiner application and assigning /mapping of examiner to every ITI located in the concern district.
3. After login in NCVT MIS Portal, the district nodal officer will verify the documents and approve the registration of examiner. After approval by Nodal ITI, the examiner will get a Unique Id.
4. The district Nodal officer / State SPIU / DGT NPIU may assign/ map the ITI/ trade/ unit to any examiner for assessment of practical exam in AITT under CTS. Automatic roster based allotment may be incorporated.
5. The examiner will be attached / mapped to ITI and will move to the exam center allotted for that ITI for practical exam.

Cont....2..

It has been decided by the competent authority that hall ticket generation will not be possible of examiner are not attached/ mapped with ITI for practical exam. For AITT under CTS to be held in July 2017, both the criteria like center assignment and practical examiner mapping has to be completed alongwith other hall ticket eligibility criteria.

In view of the above, you are requested to give wide publicity to this facility for aspiring and already participating practical examiners and get them registered in NCVT MIS portal so that the above facility is ready well before its use in AITT to be held in July/August. 2017.

Yours faithfully

(S.K.Gupta)
**Director (TTC)**

S/1791S/15